LIBRARY ARCHIVES Kerala Legislative Assembly

വയനാട് ജില്ലയിൽ പുതിയ ഇറിഗേഷൻ സബ്ഡിവിഷൻ

180(5627) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ജലസേചന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും ഇതിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുമായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽ കൂടുതൽ സബ്ഡിവിഷനുകൾ ആരംഭിക്കണമെന്ന് ഏതെങ്കിലും സമിതി ശിപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വയനാട് ജില്ലയിലെ ജലസേചന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും വർഷങ്ങളായി പൂർത്തീകരിക്കാതെ കിടക്കുന്ന വൻകിട-ഇടത്തരം ജലസേചന പദ്ധതികളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമ മാക്കുന്നതിനുമായി കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് നിയോഗിച്ച ടെക്നിക്കൽ കമ്മിറ്റി 2018 ആഗസ്റ്റിൽ സമർപ്പിച്ച റിപ്പോർട്ടിലെ അദ്ധ്യായം-6 പൊതുനിർദ്ദേശങ്ങളിൽ ഖണ്ഡിക-6-ൽ ഇടത്തരം ജലസേചന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സബ്ഡിവിഷൻ ഓഫീസുകളുടെ കുറവുമൂലം പദ്ധതി പൂർത്തീകരണത്തിൽ നേരിടുന്ന കാലതാമസം ചൂണ്ടിക്കാണിക്കുകയും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽ കൂടുതൽ സബ്ഡിവിഷനുകൾ ആരംഭിക്കണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. എന്നാൽ നിയമസഭാ സമിതിയിൽനിന്നും ഇതുസംബന്ധിച്ച് ശിപാർശകൾ ഒന്നുംതന്നെയില്ല.

(ബി) കാരാപ്പുഴ ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട ടൂറിസം പദ്ധതിയെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത ടൂറിസം പദ്ധതിയുടെ ചുമതല നിർവ്വഹിക്കുന്നതിനായി ഒരു സബ്ഡിവിഷൻ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കാരാപ്പുഴ ഡാമിനോട് ചേർന്നുവരുന്ന പ്രദേശത്ത് "കാരാപ്പുഴ മെഗാടൂറിസം" എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഇതിന്റെ ഒന്നും രണ്ടും ഘട്ടങ്ങൾ പൂർത്തിയാക്കി 2017 മേയ് മാസം മുതൽ സന്ദർശകരെ പ്രവേശിപ്പിച്ചുവരുന്നു. നാളിതുവരെ 8.77 ലക്ഷം പേർ ഇവിടെ സന്ദർശിച്ചിട്ടുണ്ട്. മൂന്നാംഘട്ട പ്രവൃത്തികൾ 2021 ഫെബ്രുവരിയിൽ ഉദ്ഘാടനം ചെയ്തിരുന്നുവെങ്കിലും Kerala Irrigation Infrastructure Development Corporation (KIIDC) മുഖേന നടപ്പിലാക്കിയ പ്രസ്തുത പദ്ധതി ജലസേചന വകുപ്പിന് കൈമാറുന്നതിനുള്ള നടപടി പൂർത്തിയായി വരുന്നതേയുള്ളൂ. ടൂറിസം ഉൾപ്പെടെയുള്ള പ്രവൃത്തികളുടെ ചുമതല നിർവ്വഹിക്കുന്നതിനായി പുതിയൊരു സബ്ഡിവിഷൻ ആരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.